## കൊവിഡ് വ്യാപനം - സുരക്ഷാ നിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കി സിറ്റി പോലീസ്

കൊല്ലം : കൊവിഡ്-19 വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യാപനം തടയുന്നതിലേക്ക് ശക്തമായ നിരീക്ഷണവും സുരക്ഷാ സംവിധാനവുമാണ് പോലീസ് ഏർപ്പെടുത്തിയിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവരെ സർക്കാർ നിർദേശ പ്രകാരം പാർപ്പിച്ചിരിക്കുന്ന ഹോം,ഇൻസ്റ്റിറ്റ്യൂഷണൽ കേന്ദ്രങ്ങളെല്ലാം പോലീസിന്റെ കടുത്ത നിരീക്ഷണത്തിലാണ്. ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നവർ ക്വാറന്റൈൻ ലംഘനം നടത്തുന്നില്ലാ എന്നുറപ്പ് വരുത്താൻ കർശന സുരക്ഷാ സംവിധാനമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. കൂടാതെ പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ സേവനവും അത്തരം ആൾക്കാർക്ക് ബോധവൽക്കരണം നൽകുന്നതിനും സൗജന്യമായി മാസ്ക് വിതരണം ചെയ്യുന്നതിനുമായി "ബാസ്ക് ഇൻ ദി മാസ്ക് " ക്യാമ്പയിനും തുടരുന്നു. ജനങ്ങൾ ലോക്-ഡൗൺ മാനദണ്ഡങ്ങളും സർക്കാർ നിർദേശങ്ങളും പാലിക്കണമെന്നും അനാവശ്യമായി പുറത്തിറങ്ങരുതെന്നും പൊതുസ്ഥലങ്ങളിൽ മാസ്ക് കർശനമായി ധരിക്കേണ്ടതും ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ എല്ലാ മാർഗ നിർദേശങ്ങളും പാലിച്ച് ജാഗ്രതയോടെ കഴിയേണ്ടതാണെന്നും ലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

കൊല്ലം സിറ്റി പോലീസ് പരിധിയിൽ പോലീസ് പരിശോധനയിൽ പൊതുസ്ഥലത്ത് മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട് 72 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. കൊല്ലം വെസ്റ്റ്,ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധികളിൽ ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിന് 39 പേർക്കെതിരെ 7 കേസുകൾ രജിസ്റ്റർ ചെയ്തു.ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 25 കേസുകൾ രജിസ്റ്റർ ചെയ്ത് 40 പേരെ അറസ്റ്റ് ചെയ്തു. 5 വാഹനങ്ങൾ പിടിച്ചെടുത്തു.